# സീറോ വേയ്സ്റ്റ് – മാലിന്യരഹിതമായ കോവളം

തിരുവനന്തപുരം: മാലിന്യവിമുക്തമായ കോവളം ലക്ഷ്യമാക്കി ആഗോളപരിസ്ഥിതി സംഘടനയായ ഗ്രീൻപീസ്, തണൽ, കേരള ടൂറിസം ഡിപ്പാർട്ട്മെന്റ്, കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നവംബർ 19,20 തിയതികളിൽ കോവളത്ത് 'സീറോ വേയ്സ്റ്റ് - കോവളം' സംഘടിപ്പിച്ചു.

കോവളത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് പുരോഗമനപരവും, നിലവിലുള്ളതും ലാഭകരവും ആരോഗ്യകരവുമായ മറ്റു മാർഗ്ഗങ്ങളെക്കുറിച്ചും അവ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും നാട്ടുകാരേയും ഭരണാധികാരികളേയും ബോധവല്ക്കരിക്കുന്നതിന് ഊന്നൽ നല്കിക്കൊണ്ട് വിവിധ ചർച്ചാക്ലാസ്സുകൾ നടന്നു.

ഒരു ജീവിയുണ്ടാക്കുന്ന മാലിന്യങ്ങൾ ഒന്നുകിൽ ജീർണ്ണിച്ച് പ്രകൃതിയുടെ ഭാഗമാകുകയോ അല്ലെങ്കിൽ മറ്റൊരു ജീവിയുടെ ഭക്ഷണമോ ആവാസ സ്ഥലമോ ആവുകയോ അല്ലെങ്കിൽ ഒരു പുതിയ വളർച്ചയുള്ള അസംസ്കൃതവസ്തുവായിത്തീരുകയോ ചെയ്യുന്നു. ഈ ആശയത്തിലധിഷ്ഠിതമായ 'സീറോ വേയ്സ്റ്റ്' എന്ന ആശയം ഒരു ഹരിത സമ്പദ് ഘടനയുടെ അവിഭാജ്യഘടകമായിട്ടാണ് കണക്കാക്കപ്പെടുന്നത്.

മാലിന്യസംസ്കരണത്തിന് പ്രായോഗിക മാർഗ്ഗങ്ങളിലൂടെ ചർച്ച ചെയ്ത് വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കാൻ പരിപാടിയ്ക്ക് കഴിഞ്ഞുവെന്ന് പങ്കെടുത്ത പ്രമുഖർ അഭിപ്രായപ്പെട്ടു. കേരളത്തിനകത്തും പുറത്തുമുള്ള പാരിസ്ഥിതിക മേഖലകളിലും അനുബന്ധ ശാഖകളിലുമുള്ള വിദഗ്ദർ പങ്കെടുത്ത 'സീറോ വേയ്സ്റ്റ്' മാലിന്യസംസ്കരണ രംഗത്ത് പുതിയൊരു കാൽവെപ്പായി.